## പാഠം – 9

# അന്ത്യകാല വഞ്ചനകൾ

**ശബ്ബത്ത് സായാഹ്നം** **മെയ് 26**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** വെളി. 2:13, 24; 2കൊരി.11:13–15; സങ്കീ. 146:4; ഉൽ. 1–2:3; വെളി. 13:1–17.

**മനഃപാഠവാക്യം: "ഭൂതലത്തെ മുഴുവൻ തെറ്റിച്ചു കളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു; അവന്റെ ദൂതന്മാരെയും അവനോടുകൂടെ തള്ളിക്കളഞ്ഞു" (വെളി. 12:9).**

പുറത്താക്കപ്പെടുന്നതിനു മുമ്പ്, സ്വർഗ്ഗത്തിൽ പോലും, സാത്താൻ ദൂതന്മാരെ വഞ്ചിക്കാനായി പ്രവർത്തിച്ചു. "ദൈവത്തിന്റെ തൊട്ടടുത്തുള്ള സ്വന്തം സ്ഥാനത്തു നിന്ന് മാറി, ലൂസിഫർ ദൂതന്മാരുടെ ഇടയിൽ അസന്തുഷ്ടി പ്രചരിപ്പിക്കാൻ പുറപ്പെട്ടു. നിഗൂഢ രഹസ്യസ്വഭാവത്തോടെ പ്രവർത്തിച്ചു. കുറച്ചുനാൾ ദൈവത്തോട് ഭയഭക്തിയുടെ വേഷമണിഞ്ഞ് ഉള്ളിലെ യഥാർത്ഥ ലക്ഷ്യം മറച്ചു. തങ്ങളെ നിയന്ത്രിച്ചിരുന്ന നിയമങ്ങൾ അനാവശ്യ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കലെന്ന് പ്രചരിപ്പിച്ച് സ്വർഗ്ഗീയ വാസികൾക്കിടയിൽ അസന്തുഷ്ടി പടർത്താൻ പുറപ്പെട്ടു." - *എലൻ ജി. വൈറ്റ്, "ദി ഗ്രേറ്റ് കോൺട്രോവേഴ്സി", പേജ് 495.*

ഏദനിൽ, പാമ്പിന്റെ വേഷത്തിൽ വന്ന് ഹവ്വയെ ചതിച്ചു. ചരിത്രത്തിലുടനീളം, ഇന്നുവരെ, സഹസ്രാബ്ധങ്ങൾക്കു ശേഷവും, തന്റെ ലക്ഷ്യങ്ങൾ നേടാൻ അവൻ ചതി തന്നെ പ്രയോഗിക്കും (വെളി. 20:8).

നിർഭാഗ്യവശാൽ, നാമെല്ലാവരെക്കാളും അവൻ സമർത്ഥനും ശക്തനും തന്ത്രശാലിയുമാണ്. അതിനാൽ തന്നെ അവന്റെ കൗശലങ്ങളിൽ നിന്ന് സംരക്ഷണം നേടണമെങ്കിൽ യേശുവിനോടും വചനത്തോടും പറ്റിചേരണം. "എന്നാൽ നിങ്ങളുടെ ദൈവമായ യഹോവയോടു പറ്റിച്ചേർന്നിരുന്ന നിങ്ങൾ ഒക്കെയും ഇന്നു ജീവനോടിരിക്കുന്നു" (ആവ. 4:4). ഇവിടെ പറഞ്ഞിരിക്കുന്നത് ഇന്നും സത്യമാണ്.

ഈയാഴ്ച സാത്താന്റെ ഏറ്റവും ഫലവത്തായ ചില ചതിക്കുഴികൾ കാണാം, എങ്ങനെ അവയിൽ നിന്നു സംരക്ഷണം നേടാമെന്നും നോക്കാം.

☞*ഈയാഴ്ചയിലെ പാഠം പഠിച്ച് ജൂൺ 2-ലെ ശബ്ബത്തിനായി ഒരുങ്ങുക.*

**ഞായർ** **മെയ് 27**

## ഏറ്റവും വലിയ ചതി

ഈ ത്രൈമാസത്തിലെ ആദ്യ പാഠം "പ്രപഞ്ചസംബന്ധിയായ വിവാദത്തെ" കുറിച്ചായിരുന്നു. നിർഭാഗ്യവശാൽ അത് ഇന്ന് പ്രപഞ്ചവും കടന്ന് ഭൂമിയിലെത്തിയിട്ടുണ്ട്.

പ്രശ്നമെന്തെന്നു വച്ചാൽ, അനേകർ, ക്രൈസ്തവരുൾപ്പെടെ, ഈ വൻ വിവാദത്തിൽ വിശ്വസിക്കുന്നില്ല. കാരണം അവർക്ക് സാത്താനിൽ വിശ്വാസമില്ല. അവർക്ക് സാത്താനെക്കുറിച്ചോ തിന്മയെക്കുറിച്ചോ പറയുന്ന വേദവാക്യങ്ങൾ, ശാസ്ത്ര സംസ്ക്കാരത്തിനു മുമ്പ് ലോകത്തിലെ തിന്മകളെക്കുറിച്ചും സഹനങ്ങളെക്കുറിച്ചും വിവരിക്കാനുപയോഗിച്ച വെറും പദപ്രയോഗങ്ങൾ മാത്രമാണ്. മനുഷ്യരുടെമേൽ ദുഷ്ടലാക്കോടെ പ്രവർത്തിക്കുന്ന, അക്ഷരാർത്ഥത്തിലുള്ള ഒരു അമാനുഷിക ശക്തി ഉണ്ടെന്നു പറഞ്ഞാൽ, ഒട്ടനേകം പേർക്ക്, അത് 'സ്റ്റാർ വാഴ്സ്' പോലുള്ള ശാസ്ത്ര കൽപിത കഥകളിലെ ദുഷ്ട കഥാപാത്രം മാത്രമാണ്.

**ചുവടെയുള്ള വാക്യങ്ങൾ വായിക്കുക. എല്ലാം വെളിപ്പാടിൽ നിന്നാണ്. സാത്താന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് വിശേഷാൽ അന്ത്യകാല സംഭവങ്ങളിൽ അവനുള്ള പങ്കിനെക്കുറിച്ച് ഇവ എന്തു പഠിപ്പിക്കുന്നു?** വെളി.2:13, 24; 12:3, 7–9, 12, 17; 13:2; 20:2, 7, 10.

സർവ്വലോക വാസികളുടെയും മേൽ അന്ത്യനാളുകളിൽ സാത്താന് എത്ര അധികാരം ഉണ്ടാകുമെന്ന് വെളിപ്പാടു പുസ്തകം കാണിച്ചു തരുന്നു. അത് അവരെ രക്ഷയിൽ നിന്നകറ്റി നിർത്താൻ മാത്രമല്ല, യേശുവിനായി ജീവിക്കുന്ന വൃതന്മാരെ ഉപദ്രവിക്കാൻ കൂടി ഉപയോഗിക്കും.

സാത്താന്റെ എല്ലാ തന്ത്രങ്ങളിലും വച്ച് (2 കൊരി. 2:11) – ഗ്രീക്കു വാക്കിനുള്ള തർജ്ജമ "മനസ്സ്" (നിയൊമാറ്റ) – ഒരുപക്ഷേ ഏറ്റവും വലിയ ചതി എന്തെന്നു വച്ചാൽ, സാത്താൻ ഇല്ലെന്ന് ചിന്തിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയാണ്. അല്ലെങ്കിലും, നിലനിൽക്കുന്നില്ലെന്ന് വിശ്വസിക്കുന്ന അതിശക്തനായ ഒരു ശത്രുവിൽ നിന്ന് ആർക്കാണ് സംരക്ഷണം വേണ്ടത്? ക്രിസ്ത്യാനിയെന്ന് അവകാശപ്പെട്ടുകൊണ്ട് യഥാർത്ഥത്തിൽ സാത്താൻ ഉണ്ടെന്ന് അംഗീകരിക്കാൻ തയ്യാറാകാത്ത എത്രയോ പേരുണ്ടെന്നത് അമ്പരപ്പിക്കുന്നു. ഈ അന്ത്യകാല സമയത്ത്, ലോകത്തിൽ സാത്താന്റെ പ്രവർത്തനങ്ങളും തന്ത്രങ്ങളും വെളിപ്പെടുത്തുന്ന വേദവാക്യങ്ങളെ ഒന്നുകിൽ തള്ളിക്കളയുന്നതു കൊണ്ടോ അല്ലെങ്കിൽ ദുർവ്യാഖ്യാനിക്കുന്നതു കൊണ്ടോ ആണ് അവർ അത്തരമൊരു നിലപാടെടുക്കുന്നത്. സുവിശേഷത്തിൽ നിന്ന് ഒട്ടനേകം തെളിവുകളുണ്ടെങ്കിലും സാത്താൻ ഉണ്ടെന്ന

സത്യാവസ്ഥയെ അനേകമാളുകൾ തള്ളിക്കളയും. ബൈബിൾ എന്ത് പഠിപ്പിക്കുന്നോ അത് അതേപടി മനസ്സിലാക്കണമെന്നത് അത്രമാത്രം പ്രാധാന്യമർഹിക്കുന്നെന്ന ശക്തമായ ഒരു ഓർമ്മപ്പെടുത്തലാണ് ഇത്.

**വെളിപ്പാട് പുസ്തകം സാത്താന്റെ ഗൂഢാലോചനകളെക്കുറിച്ച്, വിശിഷ്യ അന്ത്യകാലത്ത്, ആണ് പറയുന്നതെങ്കിലും വെളിപ്പാട് 12:11-ൽ നമുക്ക് എന്ത് പ്രത്യാശ കണ്ടെത്താനാകും? തിന്മയ്ക്കെതിരെ നമ്മുടെ ശക്തി സ്രോതസ്സ് എന്താണ്?**

**തിങ്കൾ** **മെയ് 28**

## രണ്ട് വലിയ തെറ്റുകൾ

**ചുവടെയുള്ള വാക്യങ്ങൾ വായിക്കുക. വഞ്ചിക്കാനുള്ള സാത്താന്റെ കഴിവിനെക്കുറിച്ച് ഈ വാക്യങ്ങൾ എന്ത് പറയുന്നു?**

2 കൊരി. 11:13-15, 2 തെസ്സ. 2:9-10, വെളി. 12:9, വെളി. 20:10

മുമ്പൊരു പാഠത്തിൽ പഠിച്ചതുപോലെ യേശു ശിഷ്യന്മാർക്ക് അന്ത്യകാല വഞ്ചനകളെക്കുറിച്ച് മുന്നറിയിപ്പു നൽകിയിരുന്നു. അതിൽ വ്യാജക്രിസ്തുമാരെക്കുറിച്ചും വ്യാജ പ്രവാചകന്മാരെക്കുറിച്ചും വളരെ വ്യക്തമായ മുന്നറിയിപ്പാണ് നൽകിയിരുന്നത്. (മത്താ. 24:5).

എന്നിരുന്നാലും വ്യാജ പ്രവാചകന്മാരെക്കുറിച്ചും ക്രിസ്തുമാരെക്കുറിച്ചും മാത്രമല്ല അന്ത്യകാലത്ത് ബോധവാന്മാരാകേണ്ടത്. വൻവിവാദത്തിലെ ശത്രു, ആരേയും വീഴ്ത്താൻ അനേകം തന്ത്രങ്ങൾ മെനഞ്ഞിട്ടുണ്ട്. ക്രിസ്ത്യാനികളെന്ന നിലയിൽ അവയെക്കുറിച്ച് ബോദ്ധ്യമുള്ളവരാകേണം. വചനം അറിയുകയും അതനുസരിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ അത് സാദ്ധ്യമാകൂ.

അതിലെ രണ്ടു പ്രധാന തന്ത്രങ്ങളെക്കുറിച്ച് എലൻ ജി. വൈറ്റ് വിശദീകരിക്കുന്നു: “രണ്ട് പ്രധാന തെറ്റുകളായ, ആത്മാവിന്റെ നശ്വരത, ഞായറാഴ്ചയുടെ വിശുദ്ധി, എന്നിവയിലൂടെ സാത്താൻ ജനത്തെ ചതിക്കും. ആദ്യത്തേത് ആത്മീയതയുടെ അടിസ്ഥാനമിടുമ്പോൾ രണ്ടാമത്തേത് റോമുമായി ഒരു സഹാനുഭൂതി ബന്ധം സൃഷ്ടിക്കുന്നു. അമേരിക്കയിലെ പ്രൊട്ടസ്റ്റന്റുകാർ ലോകമെമ്പാടും ആത്മീയതയുടെ കൈ പിടിക്കാൻ മുൻപന്തിയിലായിരിക്കും. അവർ ആഴികൾ കടന്ന് റോമൻ ശക്തികളുമായി കൈകോർക്കും. ഈ മൂന്ന് ശക്തികളുടെ സ്വാധീനത്തിൽ അമേരിക്ക റോമിനൊപ്പം ചുവടുവച്ച് മനഃസ്സാക്ഷിയുടെ അവകാശങ്ങളെ ചവിട്ടിത്താഴ്ത്തും.” - *“ദി ഗ്രേറ്റ് കോൺട്രോവേഴ്സി”, പേജ് 588.*

ഇതെഴുതി വർഷങ്ങൾ കഴിഞ്ഞിട്ടും, “ഈ രണ്ടു വലിയ തെറ്റുകളും” ക്രിസ്തീയ ലോകത്ത് നിലനിൽക്കുന്നു എന്നത്, എത്ര അവിശ്വസനീയം?

**തിരുവചന സത്യങ്ങളുടെ അറിവും അവ അനുസരിക്കുവാനുള്ള മനസ്സും ഈ അന്ത്യകാലത്തും സാത്താന്റെ ചതിക്കുഴികൾക്കെതിരായ അതിശ്ശക്തമായ ആയുധമാകുന്നത് എന്തുകൊണ്ട്?**

**ചൊവ്വ** **മെയ് 29**

**ആത്മാവിന്റെ അനശ്വരത**

**"മരിച്ചവരുടെ അവസ്ഥയെക്കുറിച്ച്" ചുവടെയുള്ള വാക്യങ്ങൾ എന്തു പറയുന്നു? മേൽപ്പറഞ്ഞ "രണ്ടു മഹാ അബദ്ധങ്ങളിൽ" നിന്ന് ഈ വാക്യ ങ്ങൾക്ക് എന്ത് സംരക്ഷണം നൽകുവാനാകും?**

സഭാ. 9:5, 6, 10; സങ്കീ. 115:17; സങ്കീ. 146:4; 1 കൊരി. 15:16–18; ദാനീ. 12:2.

ഈയടുത്ത ദശകങ്ങളിൽ "മരണം" അല്ലെങ്കിൽ മരിച്ചവരുടെ കഥക ൾക്ക് വളരെ കാര്യമായ ശ്രദ്ധ ലഭിച്ചിട്ടുണ്ട്. അതായത് ഹൃദയം നിലച്ചു, ശ്വാസോച്ഛ്വാസം നിന്നു എന്നിങ്ങനെയുള്ള കണ്ടെത്തലുകൾ ഉണ്ടായി. പക്ഷെ വെറുതെ അവർ ഉറക്കമുണർന്നതു പോലെ ഒരവസ്ഥ. "മരിച്ചു" എന്ന് കരുതിയ പലരും ജീവനിലേക്ക് മടങ്ങിവന്നു. മരണാവസ്ഥയിൽ സുബോധത്തോടെ ഇരുന്ന അനുഭവങ്ങൾ അനേകം പേർ പങ്കുവച്ചു. ചിലർ വായുവിൽ പൊങ്ങിക്കിടന്നപ്പോൾ താഴെ തങ്ങളുടെ തന്നെ ശരീരം കണ്ടുവെന്ന് പറയുകയുണ്ടായി. മറ്റുചിലർ തങ്ങളുടെ ശരീരത്തിൽ നിന്ന് പുറത്തുവന്ന് നിറയെ പ്രകാശവും ഊഷ്മളതയും നിറഞ്ഞ ഒരു ജീവിയെ കണ്ടതായും സ്നേഹത്തെക്കുറിച്ചും ദയയെക്കുറിച്ചുമുള്ള സത്യങ്ങൾ സ്വയം വരിക്കുകയും ചെയ്തതായ അനുഭവങ്ങളുണ്ട്. മറ്റുള്ളവരാകട്ടെ തങ്ങളുടെ മരിച്ചുപോയ ബന്ധുക്കളുമായി സംസാരിച്ചതായും പറഞ്ഞിട്ടുണ്ട്.

ഈ പ്രതിഭാസം വളരെ സർവ്വസാധാരണമായി തീർന്നു. അതിന്, *നിയർ ഡെത്ത് എക്സ്പീരിയൻസ് (എൻ.ഡി.ഇ)* അതായത് മരണാസന്ന അനു ഭവം എന്ന് ശാസ്ത്രീയ നാമം തന്നെ നൽകി. ഇത്തരം അനുഭവങ്ങൾ അംഗീകരിക്കാനാവാത്ത വിവാദങ്ങളെങ്കിലും അനേകം ക്രൈസ്തവർ ആത്മാവിന്റെ അനശ്വരതയ്ക്ക് തെളിവുകളായി ഉപയോഗിച്ചിട്ടുണ്ട്. അതാ യത് മരണം സംഭവിക്കുമ്പോൾ ആത്മാവ് ബോധാബോധങ്ങളുടെ മറ്റൊരു തലത്തിലേക്ക് പോകുമെന്ന് അവർ ഇതുപയോഗിച്ചു തെളിയിക്കുന്നു.

എന്നാൽ, മരണാസന്ന അനുഭവം (എൻ.ഡി.ഇ.) തീർച്ചയായും "രണ്ട് മഹാ അബദ്ധങ്ങളിൽ" ഒന്നിന്റെ വകഭേദം മാത്രമാണ്. മരണശേഷം ആത്മാവ് ഒരു രൂപത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ ജീവിക്കും എന്ന് വിശ്വസിക്കുന്നവർ ഏറ്റവും ഗൂഢവും വലുതുമായ ആത്മീയ വഞ്ചനയ്ക്ക് വാതിൽ തുറന്നു കൊടുത്തതു പോലെയാണ്. യേശുവിനെ ആവശ്യമില്ല

എന്ന ആശയം പ്രചരിപ്പിക്കാൻ മനഃപൂർവ്വമായോ സൂചനകളിലൂടെയോ അനുവദിക്കുന്നതിന് തുല്ല്യമാണ്. കാരണം, തങ്ങൾ കണ്ടുമുട്ടിയ ആത്മീയ ജീവികളും അതുപോലെ തന്നെ മരിച്ച ബന്ധുക്കളും സ്നേഹത്തെക്കുറിച്ചും സമാധാനത്തെക്കുറിച്ചും സന്തോഷത്തെക്കുറിച്ചുമുള്ള ആശ്വസിപ്പിക്കുന്ന കാര്യങ്ങളാണ് പറഞ്ഞതെന്നാണ് ഈ അനുഭവം ഉണ്ടായവർ പറയുന്നത്. എന്നാൽ ബൈബിളിലെ അടിസ്ഥാന കാഴ്ചപ്പാടുകളായ ക്രിസ്തുവിലൂടെയുള്ള രക്ഷയെക്കുറിച്ചോ, പാപത്തെക്കുറിച്ചോ, വരാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചോ ഒന്നും പറഞ്ഞതായി ഇവർ വെളിപ്പെടുത്തിയിട്ടില്ല. ക്രിസ്തീയ മരണാനന്തര ജീവിതത്തെക്കുറിച്ച് അറിവ് കിട്ടിയെന്ന് ഒരാൾ ചിന്തിക്കുമ്പോൾ യഥാർത്ഥത്തിൽ അവർക്ക് അടിസ്ഥാന ക്രിസ്തീയ പഠനങ്ങൾ കൂടി ലഭിക്കേണ്ടതുണ്ട്. എങ്കിലും അവരോട് പറയപ്പെടുന്ന കാര്യങ്ങൾ ഒരു പുതുയുഗ സിദ്ധാന്തം പോലെയുണ്ട്. തങ്ങളുടെ "മരണത്തിനു" മുമ്പ് ഉണ്ടായിരുന്നതിനെക്കാൾ ക്രിസ്ത്യാനിത്വത്തോട് അകന്നു പോയതിന്റെ കാരണവും ഇതായിരിക്കണം.

**ക്രിസ്ത്യാനികളെന്ന നിലയിൽ, ബോദ്ധ്യങ്ങൾ മറുത്താണ് പറയുന്നത് എങ്കിലും ദൈവത്തിന്റെ വചനത്തോട് എന്തുകൊണ്ട് പറ്റിച്ചേർന്നു നിൽക്കണം?**

**ബുധൻ** **മെയ് 30**

## ശബ്ബത്തും പരിണാമ സിദ്ധാന്തവും

ആത്മാവിന്റെ നശ്വരതയെക്കുറിച്ച് ലോകത്തെ വഞ്ചിക്കാൻ സാത്താന് എത്രമാത്രം കഴിഞ്ഞുവോ അത്രതന്നെ അവൻ വിജയിച്ച മറ്റൊരു കാര്യമുണ്ട്. ബൈബിൾ പറയുന്ന ശബ്ബത്തിനെ ഞായറാഴ്ചയിലേക്ക് മാറ്റിയതിൽ (ആറ്, എട്ട് പാഠങ്ങൾ കാണുക) ക്രിസ്തീയ ചരിത്രത്തിലുടനീളം അവൻ ഏറെക്കുറെ വിജയകരമായി പ്രവർത്തിച്ചതു കാണാം.

ഈയടുത്ത കാലത്ത്, സാത്താൻ മനുഷ്യരുടെ മനസ്സുകളിൽ ഏഴാംദിന ശബ്ബത്തിനു മേലുള്ള പിടി അയയ്ക്കാൻ പുതിയൊരു തന്ത്രം ആവിഷ്ക്കരിച്ചു: പരിണാമ സിദ്ധാന്തം.

**ഉല്പത്തി 1:2–3 വായിക്കുക. കർത്താവ് എങ്ങനെ ഭൂമിയെ സൃഷ്ടിച്ചുവെന്നും അതിനെത്രമാത്രം സമയം എടുത്തെന്നുമാണ് ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നത്?**

ഈ ഭാഗം ഒന്ന് ഓടിച്ചു വായിച്ചാൽ തന്നെ സൃഷ്ടിപ്പിനെക്കുറിച്ചുള്ള ദൈവവചന വിവരണത്തിൽ രണ്ട് കാര്യങ്ങൾ വളരെ വ്യക്തമാണ്. ഒന്നാമത്, സർവ്വതും പദ്ധതിയിട്ട കണക്കുകൂട്ടലുകൾ പ്രകാരമായിരുന്നു. അതായത്, ഒന്നും തന്നെ പൊടുന്നനെയോ വെറുതെയൊ ഉണ്ടായതല്ല.

എന്തൊക്കെയോ കാരണങ്ങളാൽ ഇതൊക്കെ അങ്ങു സംഭവിച്ചു എന്നു ചിന്തിക്കാനുള്ള ഒരു പഴുതു പോലും വചനം ശേഷിപ്പിക്കുന്നില്ല.

രണ്ടാമത്, വാക്യങ്ങൾ യാതൊരു സംശയത്തിനും ഇടനൽകാതെ പറയുന്നു ഓരോ ജീവജാലങ്ങളെയും അതതിന്റെ ജനുസ്സുകളിൽ സൃഷ്ടിച്ചു എന്ന്. അതായത് ഓരോന്നും മറ്റൊന്നിൽ നിന്നും തീർത്തും വ്യത്യസ്തമായാണ് സൃഷ്ടിക്കപ്പെട്ടത്. ബൈബിൾ ഒരിക്കലും സകല ജീവജാലങ്ങൾക്കും (ഏകകോശത്തിൽ നിന്നാണ് ഉണ്ടായതെന്ന്) ഒരൊറ്റ പിതാമഹനേ ഉള്ളുവെന്ന് പഠിപ്പിക്കുന്നില്ല.

ഉൽപ്പത്തി പുസ്തകത്തിന്റെ പദാനുപദ പഠനമല്ലെങ്കിൽ പോലും ഈ രണ്ടു കാര്യങ്ങളും സുവ്യക്തമാണ്. അതായത്, സൃഷ്ടി ഒരു സുപ്രഭാതത്തിൽ പൊട്ടിമുളച്ച ഒന്നല്ല, സകല ജീവജാലങ്ങൾക്കും ഒറ്റ പിതാവേ ഉള്ളുവെന്നും പറയുന്നില്ല.

അങ്ങനെയിരിക്കെ ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്തം പൊട്ടിമുളയ്ക്കുന്നു. അതിന്റെ വിവിധ വശങ്ങളിലൂടെ രണ്ടു കാര്യങ്ങൾ പഠിപ്പിക്കുന്നു. അതായത്, ആകസ്മികതയും സകല ജീവജാലങ്ങൾക്കും ഏകപിതാവെന്നതും.

എങ്കിൽ എന്തുകൊണ്ട് അനേകർ ഉൽപ്പത്തി പുസ്തകത്തെ അതിന്റെ അടിസ്ഥാന തലത്തിൽ തന്നെ കടകവിരുദ്ധമായി കാണുന്ന ഒരു സിദ്ധാന്തത്തിന്റെ ഭൂതക്കണ്ണാടിയിലൂടെ വിശകലനം ചെയ്യുന്നു? പരിണാമമെന്ന അബദ്ധം ദശലക്ഷക്കണക്കിന് മതനിരപേക്ഷരായ മനുഷ്യരെ ഒലിച്ചുപോകാനിടയാക്കിയത് കൂടാതെ, ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്ന അനേകരും, മുകളിൽ പറഞ്ഞ സ്പഷ്ടമായ വ്യത്യാസങ്ങൾ നിലനിൽക്കേ തന്നേ, ഈ സിദ്ധാന്തം തങ്ങളുടെ വിശ്വാസവുമായി യോജിച്ചു പോകുന്നതാണെന്ന് പറയുന്നു.

എന്തുതന്നെയായാലും, അന്ത്യകാല സംഭവങ്ങളുടെ പശ്ചാത്തലത്തിൽ പരിണാമ സിദ്ധാന്തത്തിന്റെ വിവക്ഷിതാർത്ഥം സാത്താന്റെ വഞ്ചനയെ കുറെക്കൂടെ പ്രകടമാക്കുന്നു. മൂന്ന് ലക്ഷം കോടി വർഷം കൊണ്ട് ഉണ്ടായ ഭൂമിയുടെ സൃഷ്ടി (ഏറ്റവും പുതിയ കണക്കനുസരിച്ച് ഭൂമിയിൽ ജീവൻ ആരംഭിച്ച തീയതി), ആറുദിന സൃഷ്ടിപ്പെന്ന് പറഞ്ഞ് അതിന്റെ ഓർമ്മപ്പെടുത്തലായി ഒരു ദിവസം, അതും ഏഴാം ദിന ശബ്ബത്തിനെ എന്തിന് ഇത്ര ഗൗരവമായി എടുക്കണം? പരിണാമം ഏഴാം ദിനത്തിന് യാതൊരു വിധ പ്രാധാന്യവും കൽപിക്കുന്നില്ല. കാരണം ആറു ദിനം കൊണ്ടു സകലതും സൃഷ്ടിച്ചുവെന്നത് വെറും ഒരു കെട്ടുകഥയാക്കിത്തീർക്കുകയാണ് പരിണാമ സിദ്ധാന്തം (റോമാ നഗരം സൃഷ്ടിച്ച ഇരട്ട സഹോദരങ്ങൾ,

റോമുലസ്, റീമസ് കഥ). അതുപോലെ തന്നെ സൃഷ്ടി നടന്നത് ആറു ദിവസം കൊണ്ടല്ല, ദശലക്ഷക്കണക്കിന് വർഷങ്ങൾ കൊണ്ടാണെന്ന് വിശ്വസിക്കുന്ന ആരെങ്കിലും പീഡനവും മരണവും സഹിച്ച്, ഞായറാഴ്ച ആരാധനയ്ക്കു പകരം ശബ്ബത്തിൽ ആരാധിക്കാൻ തയ്യാറാകുമോ?

**വ്യാഴം** **മെയ് 31**

**കപട ത്രിത്വം**

ദൈവത്തിന്റെ ത്രീയേക സ്വഭാവം ബൈബിളിലുടനീളം കാണാം. എന്നാലും, അന്ത്യകാല വഞ്ചനയുടെയും പീഡനങ്ങളുടെയും പശ്ചാത്തലത്തിൽ, വെളിപ്പാടു പുസ്തകം ഒരു "കപടത്രിത്വം" ഉണ്ടെന്ന് വെളിപ്പെടുത്തുന്നു. മഹാസർപ്പം, സമുദ്രത്തിൽ നിന്ന് കയറിവന്ന മൃഗം, ഭൂമിയിൽ നിന്ന് കയറിവന്ന മൃഗം ഇങ്ങനെ മൂവരാണ് അതിലുള്ളത്. (വെളി. 13)

**വെളിപ്പാട് 12:17; 13: 1,2 വായിക്കുക. എന്താണ് ഇവിടെ വിവരിച്ചിരിക്കുന്നത്?**

പിതാവായ ദൈവത്തിനെതിരായാണ് സകലത്തിന്റെയും ചുക്കാൻ പിടിക്കുന്ന മഹാസർപ്പത്തെ കാണുന്നത്. യേശുക്രിസ്തുവിനെതിരെ നിർത്തിയിരിക്കുന്ന, കടലിൽ നിന്നുള്ള മൃഗത്തിന് ശക്തിയും അധികാരവും കിരീടവും മഹാസർപ്പം നൽകുന്നു. ഈ രണ്ടാം ശക്തി ക്രിസ്തുവിന് എതിരാണെന്ന് പറയുന്നത് എന്തുകൊണ്ടാണ്?

**വെളിപ്പാട് 13:2-5 വായിക്കുക. കടലിൽ നിന്നും കയറിവന്ന മൃഗത്തിന്റെ സ്വഭാവ സവിശേഷതകൾ എന്തൊക്കെ?**

തനിക്കധികാരം ലഭിച്ചത് പിതാവിൽ നിന്നാണെന്ന് യേശു പറഞ്ഞതിനെ ഓർമ്മിപ്പിക്കുന്നതു പോലെ (കാണുക മത്താ. 28:18), മഹാസർപ്പത്തിൽ നിന്നും അധികാരം കിട്ടിയതു കൂടാതെ, ഈ കടൽ മൃഗം, യേശുവിനെപ്പോലെ ഒരു മരണവും ഒരു ഉത്ഥാനവും നേരിടുകയുണ്ടായി (കാണുക വെളി. 13:3). കൂടാതെ, ഈ മൃഗം തന്റെ അധികാരം നടത്തിയത് "നാൽപ്പത്തിരണ്ടു മാസം" ആണെന്ന് വിവരിച്ചിരിക്കുന്നു. അഥവാ, മൂന്നര വർഷം, അതായത്, വാർഷിക ദിവസ കണക്കെടുത്താൽ യേശുക്രിസ്തുവിന്റെ പ്രവാചക ശുശ്രൂഷയുടെ മൂന്നര വർഷ കാലഘട്ടത്തിനു പകരം വയ്ക്കുന്നതാണ് ഈ അധികാര കാലഘട്ടം.

**വെളിപ്പാട് 13:11-17 വായിക്കുക. കരയിൽ നിന്നും വന്ന മൃഗത്തെ എങ്ങനെയാണ് വിവരിച്ചിരിക്കുന്നത്?**

ഈ കരമൃഗം കടൽമൃഗത്തിന്റെ താൽപര്യങ്ങളെ പ്രചരിപ്പിക്കുന്നു. പരിശുദ്ധാത്മാവ് സ്വയം മഹത്വപ്പെടുത്താതെ യേശുവിനെ മഹത്വപ്പെടുത്തിയതുപോലെ (യോഹ. 16:13, 14). കൂടാതെ, പരിശുദ്ധാത്മാവു പ്രവർത്തിച്ച

അതിശക്തമായ ഒരു കാര്യം, സ്വർഗ്ഗീയ അഗ്നി ഭൂമിയിൽ കൊണ്ടുവന്നതു പോലെ (അ.പ്ര. 2:3), കരമൃഗവും സമാനമായത് ചെയ്യുന്നു (കാണുക വെളി. 13:13).

"അവസാനം കരമൃഗം പെന്തക്കോസ്തിനും ഒരു ബദൽ കൊണ്ടുവരുന്നു! എന്തിനുവേണ്ടി? വ്യാജ ത്രിത്വം സത്യമാണെന്ന് ലോകത്തെ ബോദ്ധ്യപ്പെടുത്താൻ." - *ജോൺ പൗളിയൻ, "വാട് ദി ബൈബിൾ സെയ്സ് എബൗട് ദി എൻഡ് ടൈം" (ഹേഗേഴ്സ് ടൗൺ, മെരിലാൻഡ്: റിവ്യൂ ആൻഡ് ഹെറാൾഡ് പബ്ലിഷിംഗ് അസോസിയേഷൻ, 1998), പേജ് 111.*

**മറ്റെന്തെല്ലാം അന്ത്യകാല വഞ്ചനകളെക്കുറിച്ചാണ് നമ്മൾ ബോധവാന്മാരാകേണ്ടത്, ഇത്തരം ചതികളെ തിരിച്ചറിയാൻ മറ്റുള്ളവരെ എങ്ങനെ സഹായിക്കാനാകും?**

**വെള്ളി** **ജൂൺ 1**

**കൂടുതൽ പഠനം:** അന്ത്യകാല സംഭവങ്ങളുടെ, വിശിഷ്യ ശബ്ബത്ത് കൽപനയുടെ പശ്ചാത്തലത്തിൽ പരിണാമ സിദ്ധാന്തത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കാം. തിന്മയോടു പൊരുത്തപ്പെടാനുള്ള ബുദ്ധിമുട്ടും അനുഗ്രഹദായകനും സ്നേഹവാനുമായ ഒരു സൃഷ്ടാവെന്ന സങ്കൽപ്പത്തോട് യോജിക്കാനാവാത്തതുമാണ് പരിണാമ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ ചാൾസ് ഡാർവ്വിൻ, തന്റെ സിദ്ധാന്തത്തിന് കൂടുതൽ പ്രചാരം നൽകാൻ കാരണം. അല്ലാതെ വൻവിവാദം മനസ്സിലാകാതിരുന്നിട്ടല്ല. ഈ തെറ്റു കാരണം, അദ്ദേഹം ഉത്തരങ്ങൾക്കായി മറ്റൊരു ദിശയിലേക്കു തിരിഞ്ഞു. 1800-കളുടെ മദ്ധ്യാവസാന ഭാഗമായപ്പോഴേക്കും ഡാർവ്വിൻ തന്റെ പരിണാമ സിദ്ധാന്തം പുതുക്കി പണിതുകൊണ്ടിരുന്നു. അപ്പോൾ ദൈവം ഒരു പ്രസ്ഥാനത്തെ ഉയർത്തി, സെവൻത് ഡേ അഡ്വന്റിസ്റ്റ് സഭ. അത് ഡാർവ്വിന്റെ സിദ്ധാന്തം നിലകൊണ്ട സർവ്വതിനും മറുപടി നൽകാൻ കെൽപുള്ളതായിരുന്നു. അതാകട്ടെ യദൃശ്ചയാ സംഭവിച്ചതുമല്ല. സെവൻത് ഡേ അഡ്വന്റിസ്റ്റ് സഭയുടെ സൃഷ്ടിയുടെ രഹസ്യം തന്നെ ആ പേരിൽ വെളിപ്പെടുന്നുവെന്നത് എത്ര രസകരമാണ്. ഡാർവ്വിന്റെ സിദ്ധാന്തം വളർന്ന അതേ കാലഘട്ടത്തിൽ തന്നെ ഈ സഭയും വളർന്നുകൊണ്ടിരുന്നു.

എലൻ ജി വൈറ്റിന്റെ ഈ ചുരുക്കം ചില വരികൾ ഡാർവ്വിൻ വായിച്ചും വിശ്വസിച്ചുമിരുന്നെങ്കിൽ ഭൗമകേന്ദ്രീകൃത സിദ്ധാന്തത്തിനും സ്വതഃജനന സിദ്ധാന്തത്തിനും ശേഷമുണ്ടായ, മാനുഷ ചിന്തയുടെ ഒരു വലിയ മണ്ടത്തരത്തിൽ നിന്നു ലോകത്തെ രക്ഷിക്കാനാകുമായിരുന്നു. "ഭൂമി ഏതായാലും ശാപത്താൽ നശിച്ചുവെങ്കിലും പ്രകൃതി അപ്പോഴും മനുഷ്യന്റെ പാഠപുസ്തകമായിരുന്നു. അതിന് നന്മ മാത്രം ഉൾക്കൊള്ളാവുന്ന

സ്ഥിതിയായിരുന്നില്ല; കാരണം, കരയെയും കടലിനെയും വായുവിനെയും അവലക്ഷണപ്പെടുത്തിക്കൊണ്ട് തിന്മ എല്ലായിടത്തുമുണ്ടായിരുന്നു. അവിടെ ഒരിക്കൽ ദൈവത്തിന്റെ സ്വഭാവവും നന്മയുടെ ജ്ഞാനവും മാത്ര മാണ് എഴുതപ്പെട്ടിരുന്നത്. ഇപ്പോളവിടെ സാത്താന്റെ സ്വഭാവവും തിന്മ യുടെ അറിവും കൂടി എഴുതിയിരിക്കുന്നു. ഇപ്പോൾ നന്മതിന്മകളുടെ അറിവ് പേറുന്ന പ്രകൃതിയിൽ നിന്ന് മനുഷ്യന് പാപത്തിന്റെ പരിണതഫലങ്ങളുടെ തുടർച്ചയായ മുന്നറിയിപ്പുകൾ ലഭിച്ചുകൊണ്ടേയിരിക്കുന്നു.'' - *"എജ്യൂക്കേഷൻ", പേജ് 26.*

ദൈവസ്വഭാവത്തെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും നമ്മൾ ജീവിക്കുന്ന വീണുപോയ ഭൂമിയെക്കുറിച്ചും ഉള്ള വികല അറിവിൽ നിന്ന് ഡാർവ്വിൻ പരിണാമത്തെക്കുറിച്ച് അനുമാനങ്ങൾ സൃഷ്ടിച്ചു. നിർഭാഗ്യവശാൽ, അദ്ദേ ഹത്തിന്റെ സിദ്ധാന്തത്തിന്റെ വിവക്ഷാർത്ഥങ്ങൾ ജനത്തെ വിശിഷ്യ, ഈ അന്ത്യകാല പ്രതിസന്ധി ഘട്ടങ്ങളിൽ സാത്താന്റെ വഞ്ചനകൾക്ക് ഇരയാക്കും.

**ചർച്ച:**

1. **അക്ഷരാർത്ഥത്തിൽ ഒരു സാത്താനുണ്ടെന്ന ആശയത്തെ എന്തു കൊണ്ട് അനേകം ക്രിസ്ത്യാനികൾ തള്ളിക്കളയുന്നു? ബൈബി ളിലെ സുവ്യക്ത സത്യങ്ങൾ ത്യജിച്ചുകളയുന്നത് എത്രമാത്രം ആപൽക്കരമാണെന്ന് ഈ കാഴ്ചപ്പാട് എങ്ങനെ പഠിപ്പിക്കുന്നു?**
2. **മരണശേഷവും ജീവിതം തുടരുമെന്ന് അവകാശപ്പെടുന്ന ഒരു മര ണാസന്ന അനുഭവമുണ്ടായ വ്യക്തിയോട്, എന്തു പറയാൻ സാധിക്കും?**
3. **പരിണാമ സിദ്ധാന്തത്തിൽ വിശ്വസിക്കുന്ന പലരും അന്ത്യനാളുക ളിൽ വളരെയധികം ചതികളിൽ പെടുമെന്ന് സംശയിക്കാൻ ഇട നൽകുന്ന മറ്റെന്തു കാരണങ്ങൾ കണ്ടെത്താനാകും?**

****